സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 43 2025 ഏപ്രിൽ 26 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## ഫ്രാൻസിസ് മാർപാപ്പയ്ക്ക് ശേഷം ആര്? എല്ലാ കണ്ണുകളും കോൺക്ലേവിലേക്ക്

വത്തിക്കാൻസിറ്റി: ഫ്രാൻസിസ് പാപ്പാ കടന്നുപോകുമ്പോൾ ഇനി എല്ലാ കണ്ണുകളും കോൺക്ലേവിലേക്കാണ്. കത്തോലിക്കാ സഭയുടെ ഇരുന്നൂറ്റി അറുപത്തേഴാമത് തലവനെ തിരഞ്ഞെടുക്കാനുള്ള കർദിനാൾമാരുടെ കോൺക്ലേവ് എന്നായിരിക്കുമെന്ന് നാളെ പ്രഖ്യാപിച്ചേക്കും. പുതിയ പാപ്പായെ തിരഞ്ഞെടുക്കുംവരെ കർദിനാൾ സംഘത്തിന്റെ ഡീൻ ആയിരിക്കും ഭരണച്ചുമതലകൾ നിർവ്വഹിക്കുന്നത്.

## അനധികൃത സ്വത്ത് സമ്പാദനം;

# കെ എം അബ്രഹാമിനെതിരെ സിബിഐ കേസെടുത്തു

തിരു: മുഖ്യമന്ത്രി പിണറായി വിജയന്റെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെഎം എബ്രഹാമിനെതിരെ സിബിഐ കേസെടുത്തു. അനധികൃത സ്വത്ത് സമ്പാദന പരാതിയിലാണ് കേസ്. ഹൈക്കോടതി നിർദേശപ്രകാരമാണ് കേസെടുത്തത്. നിലവിൽ കിഫ്ബിയുടെ സിഇഒ കൂടിയാണ് കെ എം എബ്രഹാം.

2016ലാണ് ജോമോൻ പുത്തൻപുരയ്ക്കൽ, കെഎം എബ്രഹാമിനെതിരെ വിജിലൻസിൽ പരാതി നൽകിയത്. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചു എന്നായിരുന്നു ആരോപണം. മുംബയിലും തിരുവനന്തപുരത്തുള്ള ഫ്ളാറ്റുകൾ, കൊല്ലത്തെ ഷോപ്പിംഗ് കോംപ്ലക്സ്, ഭാര്യയുടെയും മക്കളുടെയും സ്വത്ത് തുടങ്ങിയ ആസ്തികൾ അനധികൃതമായി നേടിയതാണെന്നും ജോമോൻ പുത്തൻപുരയ്ക്കലിന്റെ പരാതിയിലുണ്ടായിരുന്നു.

പരാതി ആദ്യം അന്വേഷിച്ചത് സംസ്ഥാന വിജിലൻസായിരുന്നു. ജേക്കബ് തോമസ് വിജിലൻസ് ഡയറക്ടറായിരിക്കെ അന്ന് ഉദ്യോഗസ്ഥർ കെഎം എബ്രഹാമിന്റെ വീട്ടിൽ കയറി പരിശോധന നടത്തിയത് വലിയ വിവാദമായി. പെൻഡൗൺ സമരം നടത്തിയാണ് ഐഎഎസ് ഉദ്യോഗസ്ഥർ പ്രതിഷേധം അറിയിച്ചത്. എന്നാൽ, ജേക്കബ് തോമ്മസ് ഡയറക്ടർ സ്ഥാനത്ത് നിന്ന് മാറിയതോടെ കെഎം എബ്രഹാമിന് കേസിൽ ക്ലീൻ ചീറ്റ് കിട്ടി.

തുടരന്വേഷണം നടത്തണമെന്ന ആവശ്യം തിരുവനന്തപുരം വിജിലൻസ് കോടതി 2017ൽ തള്ളി. കേസ് സിബിഐ അന്വേഷിക്കണം എന്നാവശ്യപ്പെട്ട് ജോമോൻ പുത്തൻ പുരയ്ക്കൽ 2018ൽ ഹൈക്കോടതിയെ സമീപിച്ചു. 2025 ഏപ്രിൽ 11 ന് കേസ് സിബിഐ അന്വേഷിക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. എബ്രഹാമിനെ രക്ഷിക്കാൻ ആസൂത്രിത ശ്രമം നടന്നതായി കോടതി വിലയിരുത്തി. വരവിൽ കവിഞ്ഞ സ്വത്തിന് പ്രഥമ ദൃഷ്ട്യാ തെളിവ് ഉണ്ടെന്നും കോടതി പറഞ്ഞു.

## ഡിസിസി ട്രഷററുടെ ആത്മഹത്യ; അന്വേഷണ സംഘം സുധാകരന്റെ മൊഴിയെടുക്കുന്നു

കൽപ്പറ്റ: വയനാട് ഡി സി സി ട്രഷറർ എൻ എം വിജയന്റെ ആത്മഹത്യയിൽ കെ പി സി സി പ്രസിഡന്റ് കെ സുധാകരന്റെ മൊഴിയെടുക്കുന്നു. കണ്ണൂരിലെ സുധാകരന്റെ വീട്ടിലെത്തിയാണ് മൊഴിയെടുക്കുന്നത്. ബത്തേരി ഡി വൈ എസ് പിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് സുധാകരന്റെ വീട്ടിലെത്തിയത്.

എൻ എം വിജയൻ സുധാകരന് അയച്ച കത്തുമായി ബന്ധപ്പെട്ടാണ് മൊഴിയെടുക്കൽ. കഴിഞ്ഞ ഡിസംബർ ഇരുപത്തിനാലിനാണ് വിഷം കഴിച്ച നിലയിൽ വിജയനെയും മകൻ ജിജേഷിനെയും കണ്ടെത്തിയത്. ആദ്യം ബത്തേരി സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും നില മോശമായതിനെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി. ചികിത്സയിലിരിക്കെയാണ് ഇരുവരും മരിച്ചത്. 10ദിവസത്തിന് ശേഷമാണ് വിജയന്റെ ആത്മഹത്യാക്കുറിപ്പ് പുറത്തുവന്നത്.

ബത്തേരി ബാങ്കിലെ നിയമനത്തട്ടിപ്പിനെക്കുറിച്ചും സുധാകരൻ അടക്കമുള്ളവർക്ക് കത്തയച്ചതിനെക്കുറിച്ചും ആത്മഹത്യാക്കുറിപ്പിൽ ഉണ്ടായിരുന്നു. കത്ത് കിട്ടിയിട്ടുണ്ടെന്ന് സുധാകരൻ അന്ന് പ്രതികരിച്ചിരുന്നു. 2022ലാണ് വിജയൻ സുധാകരന് കത്തയച്ചത്. അതിനെക്കുറിച്ച് വ്യക്തത വരുത്താനാണ് അന്വേഷണ സംഘം മൊഴിയെടുത്തത്.

## ചരിത്രകാരൻ ഡോ. എം.ജി.എസ് നാരായണൻ അന്തരിച്ചു

കോഴിക്കോട്: പ്രമുഖ ചരിത്രകാരനും എഴുത്തുകാരനും രാഷ്ട്രീയ നിരീക്ഷകനുമായ ഡോ. എം.ജി.എസ് നാരായണൻ (92) അന്തരിച്ചു. വാർധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് കുറച്ചുനാളുകളായി കോഴിക്കോട്ടെ മലാപ്പറമ്പിലുള്ള വസതിയായ മൈത്രിയിൽ വിശ്രമജീവിതം വരവേ ഇന്ന് രാവിലെയായിരുന്നു അന്ത്യം. ഇന്ത്യൻ അക്കാദമിക ചരിത്രമേഖലയിൽ നിർണായക സ്വാധീനം ചെലുത്തിയിരുന്ന എം. ജി.എസ് ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ മുൻ അധ്യക്ഷൻ കൂടിയായിരുന്നു.

മലപ്പുറം പരപ്പനങ്ങാടി മുറ്റായിൽ നാരായണി അമ്മയുടെയും ഡോ. പി.കെ ഗോവിന്ദ മേനോന്റെയും മകനായി 1932 ഓഗസ്റ്റ് 20നാണ് എം.ജി.എസ്. ജനിച്ചത്. പരപ്പനങ്ങാടിയിലും പൊന്നാനി എ.വി സ്കൂളിലും പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ പഠനവും പൂർത്തിയാക്കിയശേഷം കോഴിക്കോട് സാമൂതിരി (ഗുരുവായൂരപ്പൻ) കോളേജിലും ഫാറൂഖ് കോളേജിലും തൃശൂർ കേരളവർമ കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലും ഉന്നതബിരുദ–ബിരുദാനന്തര പഠനങ്ങൾ പൂർത്തിയാക്കി. ഒന്നാം റാങ്കോടെ ചരിത്രത്തിൽ മാസ്റ്റർ ബിരുദം നേടിയ ശേഷം 22–ാമത്തെ വയസ്സിൽ ഗുരുവായൂരപ്പൻ കോളേജിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 28–ാമത്തെ വയസ്സിൽ യുജിസി ഫെലോഷിപ്പിൽ യൂണിവേഴ്സിറ്റിയിൽ ചരിത്രഗവേഷണം ആരംഭിച്ചു.

പഴയലിപികളും ഭാഷകളിലും എം.ജി.എസ് പ്രാവീണ്യം നേടുന്നത് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ളയുടെ സഹായത്തിലാണ്. പുരാലേഖ്യങ്ങളും തമിഴ്–സംസ്കൃത ഗ്രന്ഥങ്ങളും പുരാവസ്തു പഠനങ്ങളും ആധാരമാക്കി എ.ഡി 9 മുതൽ 12വരെയുള്ള നൂറ്റാണ്ടുകളിൽ കേരളത്തിലെ സാമൂഹിക–രാഷ്ട്രീയ ചരിത്രത്തെ അധികരിച്ച് തയ്യാറാക്കിയ Perumals of Kerala എന്ന ഗവേഷണപ്രബന്ധത്തിന് പിഎച്ച്ഡി ലഭിച്ചു. നീണ്ട 12വർഷക്കാലം കൊണ്ട് തയ്യാറാക്കിയ ഗവേഷണ പ്രബന്ധം പുസ്തകരൂപത്തിൽ അച്ചടിക്കുന്നത് പിന്നെയും 20വർഷങ്ങൾ കഴിഞ്ഞാണ്.

ഡോക്ടറേറ്റ് ലഭിച്ചതിനുശേഷം കേരള സർവകലാശാലയുടെ കോഴിക്കോട് പഠനകേന്ദ്രത്തിൽ ചരിത്രവിഭാഗം അധ്യാപകനായി ജോലിയിൽ പ്രവേശിച്ച എംജിഎസ് പിന്നീട് പഠനകേന്ദ്രം കലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഭാഗമായപ്പോൾ ചരിത്രവിഭാഗം അധ്യക്ഷനായി. പ്രൊഫസർ, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, ഫാക്കൽറ്റി ഡീൻ തുടങ്ങിയ നിലകളിൽ സേവനമനുഷ്ഠിച്ചു. 1976 മുതൽ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിച്ചു വിവിധ ചുമതലകൾ വഹിച്ചു. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചുമായി സഹകരിച്ച് അനവധി ചരിത്രപ്രാധാന്യമുള്ള പ്രൊജക്ടുകൾക്ക് നേതൃത്വം വഹിച്ചു. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിരവധി യൂണിവേഴ്സിറ്റികളിൽ വിസിറ്റിങ് പ്രൊഫസറായി സേവനമനുഷ്ഠിച്ചിരുന്നു.

കേരളചരിത്രം, തമിഴകചരിത്രം, പ്രാചീന ഭാരതീയചരിത്രം, ചരിത്രരചനാ പദ്ധതി എന്നീ മേഖലകളിലായിരുന്നു എംജിഎസ് പ്രധാനമായും ശ്രദ്ധ പതിപ്പിച്ചിരുന്നത്. പതിറ്റാണ്ടുകളുടെ അധ്യാപനപരിചയത്തിൽ ആയിരത്തിലധികം ശിഷ്യസമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. അനേകം ബിരുദാനന്തരഗവേഷണപദ്ധതികൾക്ക് അദ്ദേഹം മേൽനോട്ടം വഹിച്ചിരുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമായി 200ലധികം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ചരിത്ര ലേഖനങ്ങളെ ജനപ്രിയമാക്കുന്നതിൽ അദ്ദേഹത്തിന്റെ സാഹിത്യാഭിരുചി വളരെയധികം ഗുണം ചെയ്തിരുന്നു. ചരിത്ര ലേഖനങ്ങൾക്കു പുറമേ കവിതയും ഇഷ്ടമേഖലയായിരുന്നു.

ചരിത്രസത്യങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, കോഴിക്കോട് ചരിത്രത്തിൽ ചില ഏടുകൾ, കോഴിക്കോടിന്റെ കഥ, കൾച്ചറൽ സിംബോസിസ് ഇൻ കേരള, ആസ്പെക്ട്സ് ഓഫ് ആര്യനൈസേഷൻ ഇൻ കേരള, മലബാർ, കേരളചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, സെക്കുലർ ജാതിയും സെക്കുലർമതവും, സാഹിത്യാപരാധങ്ങൾ, ജാലകങ്ങൾ; ഒരു ചരിത്രാന്വേഷിയുടെ വഴികൾ, കഷ്ചകൾ (ആത്മകഥ) തുടങ്ങിയവയാണ് പ്രധാന കൃതികൾ. സ്വാതന്ത്ര്യസമര കാലഘട്ടം മുതൽ ആധുനികാനന്തര കേരളത്തിന്റെയും ഇന്ത്യയുടെയും രാഷ്ട്രീയവും സാംസ്കാരികവുമായ സാമൂഹിക ജീവിതം രേഖപ്പെടുത്തിയ 'ജാലകങ്ങൾ'ക്ക് 2019–ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

മലബാറിനെപ്പറ്റി വില്യം ലോഗന്റെ കാലശേഷമുള്ള പഠനങ്ങൾ ഉൾപ്പെടുത്തി മലബാർ എന്ന പേരിൽ ഗ്രന്ഥം പ്രസാധനം ചെയ്തു. ഇന്ത്യാ ചരിത്ര പരിചയം, കേരള ചരിത്രത്തിന്റെ അടിസ്ഥാനശിലകൾ, സാഹിത്യാപരാധങ്ങൾ, ജനാധിപത്യവും കമ്മ്യൂണിസവും കോഴിക്കോടിന്റെ കഥ, സെക്കുലർ ജാതിയും സെക്കുലർ മതവും തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ഭാര്യ: പ്രേമലത.മക്കൾ: എൻ.വിജയകുമാർ (സ്കാഡ്രൻ ലീഡർ, ഇന്ത്യൻ എയർ ഫോഴ്സ്), എൻ. വിനയ (ഡാൻസർ, ബെംഗളൂരു). മരുമക്കൾ: ദുർഗ വിജയകുമാർ (യു.എസ്.എ), മനോജ് (സോഫ്റ്റ്‌വെയർ എൻജിനീയർ ബെംഗളൂരു), സഹോദരങ്ങൾ: പരേതരായ ദേവയാനി ഗോപിനാഥ്, ജയമണി പണിക്കർ. സംസ്കാരം 4മണിക്ക് മാവൂർ റോഡ് സ്മൃതിപഥത്തിൽ നടക്കും.

## അബുദാബിയിൽ പ്ലസ് ടു വിദ്യാർത്ഥി കെട്ടിടത്തിൽ നിന്ന് വീണ് മരിച്ചു

അബുദാബി: യുഎഇയിലെ അബുദാബിയിൽ കെട്ടിടത്തിൽ നിന്ന് വീണ് മലയാളി വിദ്യാർത്ഥിക്ക് ദാരുണാന്ത്യം. എറണാകുളം തോട്ടറ സ്വദേശി ബിനോയ് തോമസിന്റെയും എൽസി ബിനോയുടെയും മകൻ അലക്സ് ബിനോയ് ആണ് മരിച്ചത്. 17 വയസായിരുന്നു. അബുദാബി ഇന്ത്യൻ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു. പ്ലസ് ടു പരീക്ഷ കഴിഞ്ഞ് ഫലം കാത്തിരിക്കുകയായിരുന്നു അലക്സ്.

വ്യാഴാഴ്ച്ച ഉച്ചയോടെയായിരുന്നു സംഭവം. ടൂറിസ്റ്റ് ക്ലബ് ഏരിയയിലെ കെട്ടിടത്തിലാണ് കുടുംബം താമസിക്കുന്നത്. ഇതിന്റെ മൂന്നാം നിലയിൽ നിന്നാണ് അലക്സ് താഴേക്ക് വീണത്. മകൻ കെട്ടിടത്തിൽ നിന്ന് വീണത് മാതാപിതാക്കൾ അറിഞ്ഞിരുന്നില്ല. വാച്ച്മാൻ വിളിക്കുമ്പോഴാണ് ബിനോയ് വിവരം അറിയുന്നത്. ഗുരുതരമായി പരിക്കേറ്റ അലക്സിനെ അബുദാബി ശൈഖ് ഖലീഫ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

അലക്സിന്റെ മാതാപിതാക്കൾ ഏറെനാളായി യുഎഇയിലാണ് താമസിക്കുന്നത്. മാതാവി എൽസി അബുദാബിയിലെ ആശുപത്രിയിൽ നഴ്സാണ്. സഹോദരങ്ങൾ – ഡോ. രാഹുൽ ബിനോയ്, രോഹിത് ബിനോയ് (പോളണ്ട്). അലക്സിന്റെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടിക്രമങ്ങൾ നടക്കുകയാണെന്ന് ബന്ധുക്കൾ അറിയിച്ചു. സംസ്കാരം നാളെ വൈകിട്ട് 3.30ന് തോട്ടറയിലെ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ചർച്ചിൽ നടക്കും.

## തൊട്ടടുത്ത സ്ഥലങ്ങളിൽ നിന്നും ശബ്ദം; ശോഭ സുരേന്ദ്രന്റെ വീടിന് മുന്നിൽ എറിഞ്ഞത് പടക്കമെന്ന് നിഗമനം

തൃശൂർ: ബിജെപി സംസ്ഥാന ഉപാദ്ധ്യക്ഷ ശോഭ സുരേന്ദ്രന്റെ വീടിന് മുന്നിലേക്ക് എറിഞ്ഞത് നാടൻ പടക്കമാണെന്ന് നിഗമനം. ആരുടെ വീട് ലക്ഷ്യമിട്ടാണ് പടക്കമെറിഞ്ഞതെന്നടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുമെന്ന് തൃശൂർ സിറ്റി പൊലീസ് കമ്മീഷണർ ആർ ഇളങ്കോ പറഞ്ഞു. സംഭവസ്ഥലത്തെത്തിയ കമ്മീഷണർ ശോഭ സുരേന്ദ്രനുമായി സംസാരിച്ചു.

സ്ഥലത്ത് പരിശോധന നടത്തുകയും ചെയ്തു. തൊട്ടടുത്ത സ്ഥലങ്ങളിലും ശബ്ദം കേട്ടിട്ടുണ്ട്. സംഭവത്തിൽ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിക്കാനാണ് തീരുമാനം. ശോഭ സുരേന്ദ്രന്റെ വീടിന്റെ സമീപത്ത് ഇത്തരത്തിലൊരു സംഭവം ഉണ്ടായത് ഗൗരവത്തോടെ കാണുന്നുവെന്നും കമ്മീഷണർ പറഞ്ഞു.

അതേസമയം, വീടിന് മുന്നിൽ സ്ഫോടക വസ്തു പൊട്ടിത്തെറിച്ച സംഭവം തനിക്ക് നേരെയുണ്ടായ ആക്രമണമെന്നാണ് ശോഭ സുരേന്ദ്രൻ മാദ്ധ്യമങ്ങളോട് വ്യക്തമാക്കിയത്. സംഭവത്തിന് പിന്നിൽ ആരാണെങ്കിലും അവരെ പുറത്തുകൊണ്ടുവരണമെന്നും ശോഭ ആവശ്യപ്പെട്ടു. കാശ്മീരിൽ കൊല്ലപ്പെട്ട രാമചന്ദ്രന്റെ വീട്ടിൽ പോയിട്ട് തിരിച്ചെത്തിയപ്പോഴാണ് ഈ സംഭവം നടന്നതെന്നും ശോഭ പറഞ്ഞു.

'രാത്രി എന്റെ വാഹനം പുറത്ത് പോയിരുന്നു. വെള്ള കാർ പോർച്ചിൽ കിടക്കുന്ന വീടെന്നായിരിക്കാം ആക്രമികൾക്ക് ലഭിച്ച നിർദേശം. അതുകൊണ്ടാവാം എന്റെ വീടിന് എതിർവശത്തുള്ള വീടിന് നേരെ ആക്രമണം നടന്നത്. പടക്കം പൊട്ടിക്കേണ്ട യാതൊരു സാഹചര്യവും പ്രദേശത്ത് ഇന്നലെ ഉണ്ടായിരുന്നില്ല' – ശോഭ സുരേന്ദ്രൻ വ്യക്തമാക്കി. ശോഭയുടെ വീടിന് എതിർവശത്തുള്ള വീടിന് മുന്നിലെ സ്ലാബിലാണ് സ്ഫോടകവസ്തു പൊട്ടിത്തെറിച്ചത്. തൃശൂർ അയ്യന്തോളിലെ വീടിന് മുമ്പിൽ ഇന്നലെ രാത്രി 10.40ഓടെയാണ് സംഭവമുണ്ടായത്. ബൈക്കിലെത്തിയ നാലുപേരാണ് സ്ഫോടക വസ്തു എറിഞ്ഞതെന്നാണ് വിവരം.

## 'വിജയകുമാർ പെരുമാറിയത് അടിമയോടെന്ന പോലെ', ഭാര്യയെ പലതവണ അധിക്ഷേപിച്ചെന്ന് പ്രതി അമിത്തിന്റെ മൊഴി

കോട്ടയം: വിജയകുമാർ തന്നോട് അടിമയോടെന്ന പോലെയാണ് പെരുമാറിയിരുന്നതെന്ന് തിരുവാതുക്കൽ ഇരട്ടക്കൊലപാതക കേസിൽ റിമാൻഡിലായ പ്രതി അമിത്ത് ഒറാംഗിന്റെ മൊഴി. മീരയെ കൊലപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നില്ലെന്നും അമിത് മൊഴി നൽകി. തിരുവാതുക്കൽ ശ്രീവത്സത്തിൽ ടി.വി വിജയകുമാർ (64) ഭാര്യ ഡോ. മീര (60) എന്നിവരെ ഏപ്രിൽ 22നാണ് വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. പിന്നാലെ ഇവരുടെ വീട്ടിലെ മുൻ ജോലിക്കാരനായ അസം സ്വദേശി അമിത് ഒറാംഗ് അറസ്റ്റിലാവുകയായിരുന്നു.

വിജയകുമാറിനെ മാത്രം കൊലപ്പെടുത്താനാണ് ലക്ഷ്യമിട്ടത്. എന്നാൽ ആരാ ആരാ എന്നുചോദിച്ചുകൊണ്ട് മീര വന്നപ്പോൾ തന്നെ തിരിച്ചറിയുമെന്ന് മനസിലാക്കിയതുകൊണ്ടാണ് അവരെയും കൊലപ്പെടുത്തിയതെന്ന് അമിത്ത് പറഞ്ഞു. മോഷണക്കേസിൽ അറസ്റ്റ് ചെയ്യിച്ചതാണ് പകയുടെ തുടക്കം.

എത്ര തവണ കേസ് പിൻവലിക്കാൻ പറഞ്ഞിട്ടും വിജയകുമാർ തയ്യാറായില്ല. താൻ ജയിലിൽ പോകുന്ന സമയത്ത് ഭാര്യ ഗർഭിണിയായിരുന്നു. ഏറെനാളത്തെ പ്രണയത്തിനുശേഷമായിരുന്നു വിവാഹം. ജയിലിലായിരുന്ന സമയത്ത് ഭാര്യയുടെ ഗർഭം അലസി. പിറ്റേന്ന് ആളുകൾ കൊലപാതക വിവരം അറിയുമെന്നും വിജയനെ മോശമായി കരുതട്ടെ എന്നും കരുതിയാണ് വിവസ്ത്രനാക്കിയത്.

വിജയകുമാർ തന്റെ മുന്നിൽവച്ച് തന്റെ ഭാര്യയോട് പലതവണ അധിക്ഷേപപരമായി സംസാരിച്ചു. അടിമ എന്ന പോലെയാണ് പെരുമാറിയിരുന്നത്. പലതവണ ശമ്പളം ചോദിച്ചിട്ട് തരാതിരുന്നതിനാലാണ് ഫോൺ മോഷ്ടിച്ചത്.

പണം തിരികെ നൽകാമെന്ന് പറഞ്ഞിട്ടും വിജയകുമാർ കേസ് പിൻവലിക്കാൻ തയ്യാറായില്ല. പണം തിരികെ കൊടുക്കാൻ പറഞ്ഞത് തന്റെ ഭാര്യയാണെന്നും അമിത് പൊലീസിനോട് പറഞ്ഞു. എന്നാൽ അമിത്ത് പറഞ്ഞ കാര്യങ്ങൾ പൊലീസ് പൂർണമായും വിശ്വാസത്തിലെടുത്തിട്ടില്ല.

അമിത്തിനായി ഫസ്റ്റ് ക്ലാസ് കോടതിയിൽ കസ്റ്റഡി അപേക്ഷ സമർപ്പിച്ചിരിക്കുകയാണ് പൊലീസ്.

## കശ്മീരിൽ വീണ്ടും വെടിനിർത്തൽ കരാർ ലംഘിച്ച് പാക്കിസ്ഥാൻ; തിരിച്ചടിച്ച് ഇന്ത്യ

ശ്രീനഗർ: കശ്മീരിൽ സുരക്ഷാസേന ഭീകരവിരുദ്ധ നടപടികൾ ശക്തമാക്കി . രണ്ട് ഭീകരരുടെ വീടുകൾ കൂടി തകർത്തു. ലഷ്കറെ തയിബ കമാൻഡർ ഷാഹിദ് അഹമ്മദിന്റെ ഷോപ്പിയാനിലെ വീടും സാഹിദ് അഹമ്മദ് എന്ന ഭീകരന്റെ കുൽഗാമിലെ വീടുമാണ് തകർത്തത്.

നിയന്ത്രണ രേഖയിൽ പലയിടത്തും രാത്രിയിൽ പാക്കിസ്ഥാൻ ഭാഗത്തുനിന്ന് വെടിവയ്പ് ഉണ്ടായി. ഇന്ത്യയും ശക്തമായി തിരിച്ചടിച്ചു. അടിയന്തര സാഹചര്യമുണ്ടായാൽ നേരിടാൻ സജ്ജമാവണമെന്ന് ജമ്മുവിലെ ആശുപത്രികൾക്ക് അധികൃതർ നിർദേശം നൽകി. അതേസമയം പഹൽഗാം ഭീകരാക്രമണം രാജ്യാന്തരസമിതി അന്വേഷിക്കണമെന്ന് പാക്കിസ്ഥാൻ ആവശ്യപ്പെട്ടു. സംഘർഷം ലഘൂകരിക്കാൻ മധ്യസ്ഥത വഹിക്കാമെന്ന് ഇറാൻ അറിയിച്ചു. പ്രശ്നത്തിൽ ഇടപെടില്ലെന്നും ഇന്ത്യയും പാക്കിസ്ഥാനുമായി നല്ല ബന്ധമാണെന്നുമാണ് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ നിലപാട്.

## പുഴയിൽ വീണ സഹോദരിമാരിൽ ഒരാൾ മരിച്ചു; ഒരാളെ രക്ഷപ്പെടുത്തി

കൊച്ചി: പെരുമ്പാവൂർ മുടിക്കലിൽ പുഴയിൽ വീണ സഹോദരിമാരിൽ ഒരാൾ മരിച്ചു. മുടിക്കൽ സ്വദേശി ഷാജിയുടെ മകൾ ഫാത്തിമ (19) ആണ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന സഹോദരി ഫർഹത്തിനെ (15) നാട്ടുകാർ രക്ഷപ്പെടുത്തി.

ഫാത്തിമയും ഫർഹത്തും രാവിലെ പുഴയരികിൽ നടക്കാനിറങ്ങിയപ്പോഴായിരുന്നു അപകടം. പുഴയ്ക്ക് സമീപത്തുള്ള ഒരു പാറക്കെട്ടിൽ വിശ്രമിക്കാനായി ഫാത്തിമയും ഫർഹത്തും കയറി. തുടർന്ന് ഇരുവരും കാൽ വഴുതി പുഴയിലേക്ക് വീഴുകയായിരുന്നു. ഫർഹത്തിനെ സംഭവസ്ഥലത്ത് ഉണ്ടായിരുന്നവർ ചേർന്ന് രക്ഷപ്പെടുത്തി.

രണ്ടുമണിക്കൂറോളം ഫാത്തിമയ്ക്ക് വേണ്ടി തിരച്ചിൽ നടത്തി. ഒടുവിൽ ഫയർഫോഴ്സിന്റെ സ്കൂബ സംഘം എത്തിയാണ് ഫാത്തിമയുടെ മൃതദേഹം കണ്ടെത്തിയത്.

## വാമനപുരം നദിയിൽ കാണാതായ എം. ടെക് വിദ്യാർഥിയുടെ മൃതദേഹം കണ്ടെത്തി

തിരു: വാമനപുരം നദിയിൽ കാണാതായ എം.ടെക് വിദ്യാർഥിയുടെ മൃതദേഹം കണ്ടെത്തി.

ചെന്നൈ സ്വദേശി മോഹൻ രാജ് സുബ്രമണ്യം (24) ആണ് ഒഴുക്കിൽപ്പെട്ട് മരിച്ചത്. വിതുര ഫയർ ഫോഴ്സ് സംഘവും വിതുര പോലീസും നാട്ടുകാരും ചേർന്ന് സ്ഥലത്ത് ഒരു മണിക്കൂറോളം തിരച്ചിൽ നടത്തിയാണ് മൃതദേഹം കണ്ടെത്തിയത്.

വെള്ളച്ചാട്ടത്തിന് സമീപം എട്ടംഗ സംഘത്തോടൊപ്പം കുളിക്കാനെത്തിയതായിരുന്നു രാജ് സുബ്രഹ്മണ്യം. നദിയിൽ ശക്തമായ ഒഴുക്കു ണ്ടായിരുന്നു. വലിയമല ഐഇഎസ്ടി വിദ്യാർഥിയാണ്.

**കോടതി പരസ്യം**

**ബഹു. തൃശൂർ ജില്ലാ കോടതി മുമ്പാകെ**

TOP: 194/2024

തുളസീദാസ് മുതൽ പേർ

– ഹരജിക്കാർ

1) തൃശൂർ താലൂക്ക്, കൈപ്പറമ്പ് വില്ലേജ്, പുറ്റേക്കര ദേശത്ത് മേനോത്ത് മാധവൻനായർ മകൾ ലളിത
2) ടി ദേശത്ത് മേനോത്ത് മാധവൻനായർ മകൾ ശോഭന
3) ടി ദേശത്ത് മേനോത്ത് മാധവൻനായർ മകൻ മോഹനൻ
4) ടി ദേശത്ത് മേനോത്ത് മാധവൻനായർ മകൾ ശാന്ത
5) ടി ദേശത്ത് മേനോത്ത് മാധവൻനായർ മകൻ രാജൻ
6) ടി ദേശത്ത് മേനോത്ത് മാധവൻനായർ മകൾ ഉഷ
7) ടി ദേശത്ത് മേനോത്ത് മാധവൻനായർ മകൻ ബാബു
8) ടി ദേശത്ത് മേനോത്ത് മാധവൻനായർ മകൾ സുമ

–3 മുതൽ 10 കൂടി എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ 3 മുതൽ 10 കൂടി എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസ് **04–06–2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി നിങ്ങളോ നിങ്ങൾ ക്രമപ്രകാരം ഏർപ്പെടുത്തിയ അഡ്വക്കേറ്റോ രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരാകേണ്ടതും അല്ലാത്തപക്ഷം ഹരജി നിങ്ങളെ കൂടാതെ തീർച്ച വിചാരണ ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു

എന്ന്, 16–04–2025
ഹരജിഭാഗം അഡ്വക്കേറ്റ്
**എൻ കെ ഉണ്ണികൃഷ്ണൻ** (ഒപ്പ്)

**കോടതി പരസ്യം**

**ബഹു. തൃശൂർ പ്രിൻസിപ്പൽ ജില്ലാ കോടതി മുമ്പാകെ**

AS: 87/2024

രജിത്ത്കുമാർ ടി ആർ –അപ്പീൽ വാദി
ലത വിജയൻ, വയസ് 56, W/o. വിജയൻ,അയ്യപ്പത്ത് ഹൗസ്, ചാഴൂർ പി ഒ., തൃശൂർ താലൂക്ക്, തൃശൂർ–680571

– മൂന്നാം അപ്പീൽ എതൃകക്ഷി

മേൽ നമ്പർ കേസിലെ മൂന്നാം അപ്പീൽ എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് കേസ് **23–06–2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു. കേസിൽ ആ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പായ്ക്ക് പ്രാർത്ഥനയോടെ വിട.....

## മാർപാപ്പയുടെ വിടവാങ്ങൽ

"എനിക്ക് പോകാൻ അനുമതി കിട്ടിയിരിക്കുന്നു. സഹോദരരെ, എന്നെ യാത്രയയക്കുവിൻ.. നിങ്ങളെയെല്ലാം നമസ്കരിച്ച് ഞാനിതാ വിടവാങ്ങിക്കൊള്ളുന്നു.

എന്റെ മുറിയുടെ താക്കോലുകൾ ഞാൻ തിരിച്ചേൽപ്പിക്കുന്നു. എന്റെ വീടിന്മേൽ എനിക്കുള്ള എല്ലാ അവകാശങ്ങളും ഞാൻ കൈവെടിയുകയും ചെയ്യുന്നു. ദയാപൂർവ്വമായ അവസാന വാക്കുകൾ മാത്രമേ നിങ്ങളോട് അഭ്യർത്ഥിക്കുന്നുള്ളൂ..

വളരെക്കാലം നമ്മൾ അയൽപക്കക്കാരായി കഴിഞ്ഞുകൂടി; പക്ഷെ എനിക്ക് തിരിച്ചു തരുവാൻ കഴിയുന്നതിലധികം ഞാൻ വാങ്ങിപ്പോയിട്ടുണ്ട്. ഇപ്പോഴിതാ പോകേണ്ടുന്ന ദിവസം പുലർന്നു. എന്റെ ഈ ഇരുട്ടു മുലയ്ക്ക് വെളിച്ചം തന്നിരുന്ന വിളക്ക് അണഞ്ഞു പോകുകയും ചെയ്തു. കൽപ്പന വന്നു കഴിഞ്ഞു, ഞാനിതാ യാത്രയാകുന്നു..."

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ

TOMYAS

കടപ്പാട്: രബീന്ദ്രനാഥ ടാഗോർ - ഗീതാഞ്ജലി

തൃശൂർ ജില്ലാ സഹകരണ ആശുപത്രി ക്ലിപ്തം
നമ്പർ ആർ 306

ടി.കെ.പൊറിഞ്ചു - പ്രസിഡണ്ട്
ജോസി തോമസ് - സെക്രട്ടറി ഇൻ ചാർജ്

ആദരാഞ്ജലികൾ....

കൊള്ളന്നൂർ ദേവസ്സി സൺസ്
* തൃശൂർ * കൊച്ചി
* കോഴിക്കോട്

ആദരാഞ്ജലികൾ....

വിദേശ യാത്രക്ക്!
JOSE TRAVELS
Bazar Road, Pudukkad, Br: Ollur
Ph: 9847812323, 9847755701

അഡ്വ. സി.ടി.ജോഫി
പ്രസിഡണ്ട്,
ജനതാദൾ (എസ്)
ജില്ലാകമ്മിറ്റി, തൃശൂർ.

ആദരാഞ്ജലികൾ.....

സെബി കൊടിയൻ
ചെയർമാൻ
പി പി ജോർജ്ജ്മാസ്റ്റർ
മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ്
പുതുക്കാട്-തൃശൂർ

P. P. GEORGE MASTER MEMORIAL CHARITABLE TRUST
Reg. No.188/09/IV
ESTD : 2009
PUDUKAD 680 301

ആദരാഞ്ജലികൾ....

Mangalam Associates
ആധാരം എഴുത്ത്
പുളിക്കൻ ടവേഴ്സ്,
പുതുക്കാട്
Phone: Office:
0480 2756261,
9446756261

കാരുണ്യ
കുറീസ് (P) ലിമിറ്റഡ്
Head Office: Karunya Chambers, Opp. Police Club,
HIGH ROAD, THRISSUR-680001.
Ph: 2442515. Branch Office: Faridabad
Chairman THOMAS KOLLANNUR
Managing Director JOSE A. KOLLANNUR

Ph : 0480-2704135, 2700168
Mob : 9400704135, 9249893672
മണ്ണിൽ കനകം വിളയിക്കൽ NPK അടങ്ങിയ സമ്പൂർണ്ണ ജൈവവളം* ജൈവ കീടനാശിനി
കനകമീൽ™
Mfg. By:
Universal Organic Fertilizers.
P.O. Mechira, Thrissur • 680 725

ആദരാഞ്ജലികൾ....

തെക്കേത്തല
വർഗ്ഗീസ്
& ഫാമിലി
തെക്കേ തൊറവ്,
പുതുക്കാട്

ആദരാഞ്ജലികൾ....

ചിയേഴ്സ് കാറ്ററിംഗ് &
ഫുഡ് പ്ലാസ
പുതുക്കാട്
എം എ ജോൺസൺ
ഫോൺ: 9349059149
8078222149


## ഒരു വയസുള്ള കുട്ടിയുടെ ശ്വാസനാളത്തിൽ സേഫ്റ്റിപിൻ

തൃശൂർ : ഒരു വയസ് മാത്രം പ്രായമുള്ള കുഞ്ഞിന്റെ ശ്വാസനാളത്തിൽ നിന്ന് 4 സെന്റീമീറ്റർ നീളമുള്ള സേഫ്റ്റി പിൻ പുറത്തെടുത്തു.എറണാകുളം വിപിഎസ് ലേക്ഷോർ ആശുപത്രിയിൽ നടത്തിയ ബ്രോങ്കോസ്കോപിയിലൂടെയാണ് പിൻ പുറത്തെടുത്തത്. ശ്വാസമെടുക്കാൻ കടുത്ത ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനെ തുടർന്ന് അത്യാഹിത വിഭാഗത്തിലെത്തിച്ച കുട്ടിയുടെ ശ്വാസനാളത്തിൽ എക്സേറേ പരിശോധനയിലാണ് പിൻ കണ്ടെത്തിയത്.അതീവ അപകട സാധ്യത കണക്കിലെടുത്ത് അടിയന്തിരമായി ബ്രോങ്കോസ്കോപ്പിക്ക് കുട്ടിയെ വിധേയമാക്കി.

വിപിഎസ് ലേക്ഷോറിലെ പൾമണറി ക്രിട്ടിക്കൽ കെയർ & സ്ലീപ്പ് മെഡിസിൻ വകുപ്പിലെ കൺസൾട്ടന്റായ ഡോ. മുജീബ് റഹ്മാന്റെ നേതൃത്വത്തിലാണ് ബ്രോങ്കോസ്കോപി നടത്തിയത്. കുട്ടി ഇപ്പോൾ സുഖം പ്രാപിക്കുന്നതായാണ് ആശുപത്രി അധികൃതർ അറിയിക്കുന്നത്.

കഴിഞ്ഞ ദിവസം വീട്ടിൽ കളിച്ചുകൊണ്ടിരിക്കെയാണ് വസ്ത്രം തൈക്കുമ്പോൾ ഉപയോഗിക്കുന്ന പിൻ കുഞ്ഞ് വായിലിട്ടത്. ശ്വാസ തടസം അനുഭവപ്പെട്ടതോടെ കുഞ്ഞിനെ വീട്ടുകാർ ആശുപത്രിയിലെത്തിക്കുകയായിരുന്നു. കുഞ്ഞിന്റെ പേര് വിവരങ്ങൾ ആശുപത്രി അധികൃതർ പുറത്തുവിട്ടിട്ടില്ല.

## താഴെക്കാട് ദൈവാലയത്തിലെ വിശുദ്ധകുരിശു മുത്തപ്പന്റെ തിരുനാൾ മെയ് 2, 3, 4 തീയതികളിൽ

ഇരിങ്ങാലക്കുട : താഴെക്കാട് വിശുദ്ധ കുരിശുമുത്തപ്പന്റെ തിരുനാൾ മെയ് 2, 3, 4 തീയതികളിൽ ആഘോഷിക്കും. തിരുനാളിന് എപ്രിൽ 23 ന് കൊടിയേറ്റുമെന്ന് വികാരി ഫാ ആന്റണി മുക്കാട്ടുകരക്കാരൻ, ജനറൽ കൺവീനർ റീജോ പാറയിൽ എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു . വിശുദ്ധ കുർബാന, നൊവേന, ആഘോഷമായ തിരുനാൾ കുർബാന, പ്രദക്ഷിണം, വർണ്ണമഴ, പഞ്ചാരിമേളം, പാട്ടുൽസവം എന്നിവയാണ് പ്രധാന പരിപാടികൾ. സ്നേഹഭവന പദ്ധതിയുടെ ഭാഗമായി എട്ട് ലക്ഷം രൂപ ചിലവിൽ നിർമ്മിച്ചിട്ടുള്ള എഴാമത്തെ വീടിന്റെ താക്കോൽ കൊടിയേറ്റ ദിനത്തിൽ കൈമാറും.

അസി . വികാരി ഫാ ജോസഫ് തൊഴുത്തിങ്കൽ, കൈക്കാരൻ പോളി തണ്ടിയേക്കൽ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## തൃശ്ശൂർ പൂരം മെയ് 6ന് പ്രാദേശിക അവധി

തൃശൂർ: പൂരത്തോടനുബന്ധിച്ച് മെയ് 6ന് തൃശൂർ താലൂക്ക് പരിധിയിൽ ഉൾപ്പെടുന്ന സർക്കാർ ഓഫീസുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അങ്കണവാടികൾക്കും (ജീവനക്കാർ ഉൾപ്പെടെ) ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയിച്ച പൊതുപരീക്ഷകൾക്കും കേന്ദ്ര-സംസ്ഥാന, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനത്തിനായി നടത്തുന്ന പരീക്ഷകൾക്കും അവധി ബാധകമല്ല.

## പാർക്കിംഗ് നിരോധിച്ച് ഉത്തരവായി

തൃശൂർ: പൂരം നടക്കുന്ന ദിവസങ്ങളിൽ തേക്കിൻകാട് മൈതാനത്തും സ്വരാജ് റൗണ്ടിലും റൗണ്ടിലേക്കുള്ള പ്രവേശന വഴികളിലും സർക്കാർ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് നിരോധിച്ച് ഉത്തരവായി.

തൃശൂർ പൂരം നടക്കുന്ന ദിവസങ്ങളിൽ തേക്കിൻകാട് മൈതാനത്തും സ്വരാജ് റൗണ്ടിലും റൗണ്ടിലേക്കുള്ള പ്രവേശന വഴികളിലും സർക്കാർ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് നിരോധിച്ച് ഉത്തരവായി. പകരം കുറുപ്പംറോഡിലെ പേ ആൻഡ് പാർക്ക്, ടൗൺ ഹാൾ കോമ്പൗണ്ട്, സ്വരാജ് റൗണ്ടിലെ ജോയ് ആലുക്കാസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ സർക്കാർ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സൗകര്യമൊരുക്കുമെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു.

## ആം ആദ്മി പാർട്ടി മെഴുകുതിരി തെളിയിച്ച് ദുഃഖം രേഖപ്പെടുത്തി

പുതുക്കാട്: പഹൽഗാമിലെ ബൈസരൻ താഴ്‌വരയിൽ വിനോദസഞ്ചാരികൾക്ക് നേരെ ഉണ്ടായ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് വേണ്ടി, നമ്മുടെ നാടിനോടൊപ്പം നിന്നുകൊണ്ട്, മെഴുകുതിരി തെളിച്ച് ദുഃഖത്തിൽ പങ്കുചേർന്നു.

പ്രതിഷേധയോഗം ജില്ലാ പ്രസിഡണ്ട് ഡോ ഷാജു കെ വൈ ഉദ്ഘാടനം ചെയ്തു. ഭീകരതയുടെ അടിവേരറക്കുന്ന നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനും ഇന്ത്യൻ സൈനികർക്കും പൂർണ്ണ പിന്തുണ നൽകാൻ എല്ലാ ഇന്ത്യക്കാരും തയ്യാറാവണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഭാവിയിൽ ഇത്തരം ആക്രമണങ്ങൾ ഉണ്ടാവാതിരിക്കാൻ എല്ലാ ജാഗ്രതയും പാലിക്കണമെന്ന് ജില്ലാ സെക്രട്ടറി ബിന്നി പൊന്തേക്കൻ ആവശ്യപ്പെട്ടു. ജോൺസൻ ഐനിക്കൽ, ആന്റണി തട്ടിൽ, ആനന്ദ്, പോളി, റോയ് പുറനാട്ടുകര എന്നിവർ പ്രസംഗിച്ചു.

## ശാന്തിഗിരി ആശ്രമം പ്രതിഷ്ഠാ വാർഷികം 28ന്

തൃശൂർ: ജാതിമത ചിന്തകൾക്കതീതമായി മാനവരാശിക്ക് ഒരുമിച്ച് നിന്ന് പ്രാർത്ഥിക്കാനായി തങ്ങാലൂരിൽ സ്ഥാപിതമായ ശാന്തിഗിരി ആശ്രമത്തിന്റെ ശാഖക്ക് ഏപ്രിൽ 28 തിങ്കളാഴ്ച 7 വയസ്സ്. 7വർഷം മുൻപ് ആശ്രമം ഗുരുസ്ഥാനീയ ശിഷ്യപുജിത അമൃത ജ്ഞാന തപസ്വിനി പ്രാർത്ഥനാലയത്തിൽ പ്രതിഷ്ഠാകർമ്മം നിർവഹിച്ച് കേന്ദ്രം ആരാധനക്കായി തുറന്നുകൊടുത്ത ദിവസമാണ് പ്രതിഷ്ഠാവാർഷികദിനമായി ആഘോഷിക്കുന്നത്. ഇക്കൊല്ലത്തെ വാർഷികത്തോടനുബന്ധിച്ച് തങ്ങാലൂർ ശാഖയിൽ രാവിലെ 6 മണിയുടെ ആരാധനയോടെ ചടങ്ങുകൾ ആരംഭിക്കും. തുടർന്ന് പുഷ്പസമർപ്പണം. 10ന് നടക്കുന്ന പൊതുസമ്മേളനം ശാന്തിഗിരി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്യും.

തൃശ്ശൂർ ഏരിയ മേധാവി സ്വാമി മധുരനാദൻ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സീനിയർ മാനേജർ രാജൻ സി.എസ്, ജനനി തേജസ്വി, ബ്രഹ്മചാരിണി ആർ. ശാന്തിപ്രിയ, ടി.ആർ. സത്യൻ, എം.പി.സലീം, പി.സി. കൃഷ്ണദാസ്, ബിനോജ്. എം .ആർ, നിധി.കെ.ജി, വൈഷ്ണവദാസ്.വി.എൽ, അമൃത കെ.മുകുന്ദൻ എന്നിവർ സംസാരിക്കും. ഉച്ചക്ക് അന്നദാനവും വിവിധ സമർപ്പണങ്ങളും. വൈകിട്ട് 6 മണിയുടെ ആരാധനക്ക് ശേഷം ദീപപ്രദക്ഷിണം നടക്കും.

പൂരനഗരിയായ തൃശൂരിൽ നിന്നും ഏതാനും കിലോമീറ്റർ മാത്രം അകലെയായി പ്രകൃതി മനോഹരമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തങ്ങാലൂർ ബ്രാഞ്ചാശ്രമത്തിലെ പ്രാർത്ഥനാലയം കേന്ദ്രാശ്രമത്തിലേതിന് സമാനമായിട്ടാണ് നിർമ്മിച്ചിരിക്കുത്. ഇതിനായി 2003 നവംബർ 5ന് വിശ്വാസികൾ ചേർന്ന് 4.86 ഏക്കർ സ്ഥലം വാങ്ങി സമർപ്പിച്ചു. പ്രകൃതിക്കും പരിസ്ഥിതിക്കും ഇണങ്ങുന്ന തരത്തിലുള്ള നിർമ്മാണപ്രവർത്തനമാണ് നടന്നത്. പരിസരത്തുള്ള ഒരു ചെറു മരംപോലും മന്ദിരങ്ങളുടെ നിർമ്മാണത്തിനായി മുറിച്ചു മാറ്റിയിട്ടില്ല. മരങ്ങളെ സ്വാഭാവികരീതിയിൽ നിലനിർത്തി സംരക്ഷിച്ചതിനൊപ്പം മഴവെള്ളത്തെ പൂർണ്ണമായും ആശ്രമപരിസരത്തെ മഴക്കുഴികളിൽ ശേഖരിച്ചു. പ്രാർഥനാലയത്തിന്റെ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പോലും സംഭരിക്കാനായി പ്രത്യേക മഴവെള്ള സംഭരണി നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ കൈകഴുകുന്നതും പാത്രം കഴുകുന്നതുമായ വെള്ളം ശുദ്ധീകരിച്ച് ജൈവ പച്ചക്കറി തോട്ടത്തിനായും വിനയോഗിക്കുന്നു. നാടൻ പശുക്കളെ പരിപാലിക്കുന്ന ഗോശാലയും ആശ്രമപരിസരത്തുണ്ട്. 2005 ജൂലൈ 15-ാം തീയതി ഗുരുസ്ഥാനീയ ഇവിടം സന്ദർശിച്ചിരുന്നു.

## കള്ളന്മാരെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് 27ന് ഞായറാഴ്ച് ഉപവാസ കൂട്ട ധർണ്ണ നടത്തുന്നു

തൃശൂർ: പറവട്ടാനി ചർച്ച് സ്കയർ ദേശത്തെ ആദ്യത്തെ ക്രൈസ്തവ ആരാധനാലയമായ മാർ അദ്ദായ് ശ്ലീഹ പള്ളിയുടെ റബ്ബർ എസ്റ്റേറ്റിലെ ടാപ്പിംഗ് നടത്തിക്കൊണ്ടിരുന്ന 54 റബ്ബർ മരങ്ങൾ മോഷ്ടിച്ചിട്ട് 20 മാസം കഴിഞ്ഞിട്ടും (2023 ആഗസ്റ്റിൽ) കള്ളന്മാരെ പോലീസ് അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഏപ്രിൽ 27ന്ഞായറാഴ്ച്ച പ്രതിഷേധ ഉപവാസ കൂട്ട ധർണ്ണ നടത്തുന്നു.

മണ്ണുത്തി പോലീസിൽ 790/2023 നമ്പർ കേസായി രജിസ്റ്റർ ചെതിട്ടുള്ളതാണ്. 20 മാസമായിട്ടും മണ്ണുത്തി പോലീസ് മോഷ്ടാക്കളെ അറസ്റ്റ് ചെയ്തിട്ടില്ലാത്തതാകുന്നു. ഇതിനാൽ മണ്ണുത്തി പോലീസിലുള്ള വിശ്വാസവും നഷ്ടപ്പെട്ടു.

നിരവധി തവണ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ചാ പരാതികൾ നൽകിയെങ്കിലും, യാതൊരു നടപടിയും ഉണ്ടായിട്ടില്ലാത്തതാകുന്നു. ഈ സാഹചര്യത്തിലാണ് മാർ അദ്ദായ് ശ്ലീഹാ പള്ളി ഇടവക ഒന്നടങ്കം പ്രതിഷേധ ഉപവാസ കൂട്ടധർണ്ണ 27-04-2025ന് ഞായറാഴ്ച നടത്തുവാൻ തീരുമാനിച്ചത്. ഇത് ആദ്യ സൂചനയാണ്.

പോലീസിൽ മോഷ്ടാക്കൾക്കുള്ള സ്വാധീനമാണ് 20 മാസം കഴിഞ്ഞിട്ടും, പോലീസ് പ്രതികളെ പിടികൂടാതിരിക്കുന്നത്. അധികാരികളുടെ അനാസ്ഥയിൽ അവരുടെ കണ്ണ് തുറപ്പിക്കുന്നതിനും കുറ്റവാളികൾക്ക് എതിരെ നടപടി ഉണ്ടാകുന്നതിനും വേണ്ടിയാണ് ഉപവാസ കൂട്ട ധർണ്ണ നടത്തുവാൻ, ഇടവക നിർബന്ധിതമായത്.

പ്രതിഷേധ ഉപവാസ കൂട്ട ധർണ്ണയിൽ പറവട്ടാനി ദേശത്തെ, പൊതുസമൂഹം ഐക്ക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും, 27-04-2025ന് ഞായറാഴ്ച കാലത്ത് 10 മണി വരെ പ്രദേശത്തെ കട കമ്പോളങ്ങൾ അടച്ചിട്ട് ഐക്ക്യദാർഢ്യം പ്രഖ്യാപിക്കണമെന്നും പ്രതിഷേധ ഉപവാസ കൂട്ട ധർണ്ണയിൽ പങ്കുകാരകണമെന്നും അഭ്യർത്ഥിക്കുന്നു.

വികാരി. റവ.റൂണോ വർഗ്ഗീസ് കശ്ശീശ, അസി.വികാരി റവ. തിമോത്തിയോസ് ജോയ് കശ്ശീശ, സെക്രട്ടറി ആന്റോ ഡി. ഒല്ലൂക്കാരൻ, കമ്മിറ്റീ അംഗം സാബു. ഇ.പി. എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## മാതാവിന്റെ ചരമവാർഷിക ദിനത്തിൽ അശരണരോഗികൾക്ക് ആശ്വാസം നൽകുന്ന പദ്ധതിയിലേക്ക് ആശുപത്രി ഉപകരണങ്ങൾ കൈമാറി

പുതുക്കാട്: തെക്കേത്തല വീട്ടിൽ വറീത് ഭാര്യ ഏല്യകുട്ടിയുടെ അഞ്ചാം ചരമ വാർഷിക ദിനത്തിൽ മകൻ വർഗ്ഗീസ് തെക്കേത്തല അശരണരോഗികൾക്ക് ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ കൈമാറിയത്.

വർഷങ്ങളായി ആശുപത്രി ഉപകരണങ്ങൾ സൗജന്യമായി നൽകി വരുന്ന സന്നദ്ധസംഘടനായ കല്ലൂർ സൗഹൃദ യുവ സംഗമം പ്രവർത്തകർക്കാണ് ഉപകരണങ്ങൾ കൈമാറിയത്.

സൗഹൃദ യുവ സംഗമം പ്രസിഡന്റ് പ്രീബനൻ ചുണ്ടേലപറമ്പിൽ,രക്ഷധികാരി സതീശൻ ഊരാളത്ത് എന്നിവർ ഉപകരണങ്ങൾ ഏറ്റ് വാങ്ങി.

പഞ്ചായത്ത് അംഗം ഫിലോമിന ഫ്രാൻസീസ്, ആനന്ദൻ മാളിയേക്കൽ, രമ്യക്ക് കിള്ളിയറ, അന്തോണി തെക്കേത്തല , ഡേവീസ് ഐനിക്കൽ മറ്റു കുടുംബാംഗങ്ങളും സന്നിഹിതരായിരുന്നു.

## ലീപ് 25 സമ്മർ ക്യാമ്പ്-ഇരിങ്ങാലക്കുട സെന്റ് ജോസഫ്സിൽ

ഇരിങ്ങാലക്കുട: വെർചൽ ഇടങ്ങളിൽ ഒതുങ്ങിക്കൂടുന്ന പുതു തലമുറകൾക്ക് അറിവിന്റെയും ക്രിയാത്മകതയുടെയും ലോകം തുറന്നുകൊണ്ട് ഇരിങ്ങാലക്കുട സെന്റ്.ജോസഫ്സ് (ഓട്ടോണമസ്) കോളേജ് സ്കൂൾ വിദ്യാർത്ഥികൾക്കായി സമ്മർ ക്യാമ്പ് സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള ക്ലാസ്സുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പങ്കെടുക്കാവുന്ന എസ് ജെ സി ലീപ് 25 സമ്മർ ക്യാമ്പ് ഏപ്രിൽ 28 മുതൽ മെയ് മൂന്ന് വരെയുള്ള ദിവസങ്ങളിൽ കോളേജിൽ വച്ചു നടക്കും. കാലത്തിനൊത്ത് സഞ്ചരിക്കാൻ കുട്ടികളെ പ്രാപ്തരാക്കാനും, വിദ്യാർത്ഥികളുടെ അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾക്കാണ് ക്യാമ്പ് മുൻതൂക്കം നൽകുന്നത്. വിദ്യാർത്ഥികളുടെ ക്രിയാത്മകത വളർത്തുകയെന്ന ലക്ഷ്യം മുന്നിൽ വച്ചുകൊണ്ട് സംഘടിപ്പിച്ചിട്ടുള്ള ക്യാമ്പിന്റെ മുഖ്യ സവിശേഷത ക്ലാസ്സുകൾ കേന്ദ്രീകരിച്ചുള്ള അറിവിനപ്പുറം വിവിധ പ്രവർത്തനങ്ങളിലൂടെ അവരുടെ ചിന്താശേഷി വികസിപ്പിക്കുക എന്നതാണ്.

വിദ്യാർത്ഥികളുടെ ശാരീരിക ക്ഷമതയെയും മാനസിക ഊർജ്ജത്തെയും ഒരുപോലെ ഉത്തേജിപ്പിക്കാനുള്ള ശ്രമവും ഈ സമ്മർ ക്യാമ്പിന്റെ മറ്റൊരു സവിശേഷതയാണ്. ഫിറ്റ്നസ് പരിപാടികളും കളരി പോലുള്ള ആയോധനകലകളും ഇതിന്റെ ഭാഗമായി പരിശീലിപ്പിക്കും.

കൊറിയോഗ്രഫി, മീഡിയ എഡിറ്റിംഗ്, ജർമ്മൻ - ഫ്രഞ്ച് ഭാഷകൾ അറിയാനും പരിചയപ്പെടാനുമുള്ള അവസരം എന്നിങ്ങനെ നിരവധി സാധ്യതകളാണ് വിദ്യാർത്ഥികളെ കാത്തിരിക്കുന്നത്. അഞ്ച് ദിവസങ്ങളിലായി നടക്കുന്ന ക്യാമ്പിന്റെ രജിസ്ട്രേഷൻ ഫീസ് 500 രൂപയാണ്. ഏപ്രിൽ 28 നു മുൻപേ കോളേജിലെ ഓഫീസുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി അറിയിച്ചു.

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 2391/2022

സതീഷ് കെ വി, S/o. വേലായുധൻ, ചേലക്കര, ചേലക്കോട് പി ഒ., തൃശൂർ ജില്ല

-ഹരജിക്കാരൻ

മെഹബൂബ്, S/o. അബൂബക്കർ, സുബൈദ മൻസിൽ, പി ഒ ഗുരുവായൂർ, തൃശൂർ-680101

-2-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് കേസ് 04-11-2025 തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 26-04-2025
ഹരജിഭാഗം അഡ്വക്കെറ്റ്
ഐ ഡി രാധാകൃഷ്ണൻ
തൃശൂർ (ഒപ്പ്)

## കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ മുമ്പാകെ**

OP(MV): 2390/2022

അബ്ദുൾറഹ്മാൻ കെ എ., ചേലക്കര, ചേലക്കോട് പി ഒ., തൃശൂർ ജില്ല

-ഹരജിക്കാരൻ

മെഹബൂബ്, S/o. അബൂബക്കർ, സുബൈദ മൻസിൽ, പി ഒ ഗുരുവായൂർ, തൃശൂർ-680101

-2-ാം എതൃകക്ഷി

മേൽ നമ്പർ കേസിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് കേസ് 04-11-2025 തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 26-04-2025
ഹരജിഭാഗം അഡ്വക്കെറ്റ്
ഐ ഡി രാധാകൃഷ്ണൻ
തൃശൂർ (ഒപ്പ്)